## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1299

02..03..2017 -ൽ
മറുപടിയ്ക്ക്

## സ്വാശ്രയ കോളേജുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എൽദോ എബ്രഹാം | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ കോളേജുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാമ്പാടി നെഹ്റു കോളേജിനെതിരെയും കോട്ടയം മറ്റക്കര ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിനെതിരെയും, കൊല്ലം ഓയൂർ ട്രാവൻകൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗിനെതിരെയും ധാരാളം പരാതികൾ സർക്കാരിലും, സാങ്കേതിക സർവ്വകലാശാലയിലും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സ്വാശ്രയ കോളേജുകളിലെ ജീവനക്കാരുടെ ശമ്പളം, അധ്യാപകരുടെ യോഗ്യത, വിദ്യാർത്ഥികളോടുള്ള സമീപനം എന്നിവ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (ബി) യും (സി) യും | സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്ക്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ അടങ്ങിയ ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി സർവ്വകലാശാലാ തലത്തിൽ എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി രൂപീകരിക്കുകയും ആയത് വിലയിരുത്തുകയും ചെയ്തുവരുന്നു. അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗും നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ആവശ്യമായ നിയമ നിർമ്മാണം പരിഗണിക്കുമോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ